(ഇ) ഗ്രാമീണമേഖലയിലെ വിദ്യാർത്ഥികൾക്കുകൂടി പിന്തുടരാനാകും വിധം എൻട്രൻസ് പരിക്ഷാരീതിയിൽ മാറ്റം വരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 2005-ലെ പ്രവേശന പരീക്ഷയിൽ മെഡിക്കൽ വിഭാഗത്തിൽ ആദ്യ പതിനായിരം റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികളെ നൽകിയിരിക്കുന്ന വിവരമനുസരിച്ച് ഏകദേശം 4667 പേർ (47.32%) ഗ്രാമപ്രദേശങ്ങളിൽനിന്നും 5195 പേർ (52.62%) പട്ടണപ്രദേശത്തുനിന്നും, യോഗ്യതാ പരീക്ഷയ്ക്ക് പഠിച്ചവരാണ്. എൻജിനീയറിംഗ് വിഭാഗത്തിൽ ആദ്യ ഇരുപതിനായിരം റാങ്കിൽ പെട്ടവരിൽ, വിവരം നൽകിയിട്ടുള്ള 9119 പേർ (46 54%) ഗ്രാമപ്രദേശത്തുനിന്നും 10472 പേർ (53.46%) പട്ടണപ്രദേശത്തുനിന്നും യോഗ്യതാ പരീക്ഷയ്ക്ക് പഠിച്ചവരാണ്. രണ്ടു വിഭാഗങ്ങളുടേയും പ്രാതിനിധ്യത്തിൽ ചെറിയ വ്യത്യാസമേ കാണുന്നുള്ളുവെങ്കിലും ഗ്രാമപ്രദേശത്തെ പ്രാതിനിധ്യം കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2004 വർഷവും ഇതേ രീതിയിലുള്ള പ്രാതിനിധ്യമാണ് കണ്ടിരിക്കുന്നത്. എന്നാൽ 2003, 2002 വർഷങ്ങളിൽ ഗ്രാമപ്രദേശത്തുള്ള വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രാതിനിധ്യം ഉണ്ടായിരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) ഗ്രാമപ്രദേശങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്ലസ് 2 തലത്തിൽ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലന പരിപാടി

53 [1575] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തിനനുസൃതമായി സിവിൽ സർവ്വീസ് പരീക്ഷകളിൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഉന്നതമായ വിജയം കരസ്ഥമാക്കാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) മറ്റു സംസ്ഥാനങ്ങളിൽ സിവിൽ സർവ്വീസ് പരീക്ഷകൾക്കായി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന നൂതന പരിശീലന സമ്പ്രദായം കേരളത്തിലും നടപ്പിലാക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സിവിൽ സർവ്വീസ് പരീക്ഷ എഴുതാൻ താൽപ്പര്യമുള്ളവർക്ക് ശരിയായ ഒരു അവബോധം നൽകുന്നതിന് മതിയായ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ലഭ്യമല്ല. അന്യ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന നൂതന പരിശീലന സമ്പ്രദായം ഉൾക്കൊള്ളുന്ന രീതിയിലുള്ള പരിശീലന കേന്ദ്രങ്ങളും നമ്മുടെ സംസ്ഥാനത്ത് ഇല്ല. ശരിയായ മാർഗ്ഗ നിർദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ശങ്ങൾ നൽകാൻ കഴിയാത്തതും, ഉന്നത നിലവാരം പുലർത്തുന്ന കോച്ചിംഗ് സെന്ററുകൾ ഇല്ലാത്തതുമാണ് പ്രധാനമായും കേരളത്തിലെ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷകളിൽ ഉന്നത വിജയം നേടാൻ കഴിയാത്തതിന് കാരണം.

(ബി) കേരളത്തിലെ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷകളിൽ ഉന്നത വിജയവും, മുന്തിയ പ്രാതിനിധ്യവും ലഭ്യമാക്കുന്നത് ലക്ഷ്യം വെച്ച് ദേശീയ നിലവാരത്തിൽ കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിക്ക് രൂപം നൽകി കഴിഞ്ഞു. സെൻറർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത അക്കാഡമി പ്രവർത്തിക്കുന്നത്. ഇപ്പോൾ 64 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. മികച്ച ലൈബ്രറി, ഇൻറർനെറ്റ് സൗകര്യം തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ വ്യക്തിത്വ വികസനത്തിനു വേണ്ടിയുള്ള ഡിബേറ്റ്, ഗ്രൂപ്പ് ഡിസ്ക്കഷൻ, സെമിനാർ മുതലായവയും കോഴ്സിൻറെ ഭാഗമായി നടത്തുന്നുണ്ട്. വീഡിയോ കോൺഫറൻസിങ്ങ് പോലുള്ള സൗകര്യങ്ങൾ ഉടനെ എർപ്പെടുത്തുന്നതാണ്. മികവുറ്റ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻറ് റിസർച്ച് സെൻറിനെ ഡീംഡ് യൂണിവേഴ്സിറ്റി പദവി

54 [1576] ശ്രീ. കെ. എ. ചന്ദ്രൻ:
,, ജി. പ്രതാപവർമ്മതമ്പാൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻറ് റിസർച്ച് സെൻറിനെ ഡീംഡ് യൂണിവേഴ്സിറ്റിയായി അംഗീകരിക്കുന്നത് സംബന്ധിച്ച് യു. ജി. സി. സർക്കാരിൻറെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ള കത്ത് എപ്പോൾ ലഭിച്ചു;

(സി) ഇക്കാര്യത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഭിപ്രായമെന്തായിരുന്നു;

(ഡി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 28-4-2005-ൽ ലഭിച്ചു.

(സി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

(ഡി) ഇക്കാര്യം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൻറെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly